പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *267 — 21/06/2012 ൽ മറുപടിയ്ക്ക്

സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തോമസ് ഉണ്ണിയാടൻ :<br>ശ്രീ. മോൻസ് ജോസഫ് :<br>ശ്രീ. റ്റി.യു. കുരുവിള : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിന് സർക്കാർ സ്കൂളുകൾക്ക് എസ്സ്.എസ്സ്.എ, ആർ.എം.എസ്.എ, ശുചിത്വമിഷൻ തുടങ്ങിയ സ്ഥാപനങ്ങൾ മുഖേനയും എയ്ഡഡ് സ്കൂളുകളിലെ അതാത് സ്കൂൾ മാനേജർമാർക്ക് വിദ്യാഭ്യാസ ഓഫീസർമാർ മുഖാന്തിരവും നിർദ്ദേശം നൽകിയിട്ടുണ്ട്. സമയബന്ധിതമായി കുറവ് പരിഹരിക്കാതിരുന്ന ഏതാനും എയ്ഡഡ് സ്കൂൾ മാനേജർമാരെ, മാനേജർ പദവി വഹിക്കുന്നതിൽ നിന്നും വിലക്കിയിരുന്നു. സ്കൂളുകളുടെ ഭരണപരമായ അധികാരമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി സർക്കാർ സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി വർഷംതോറും ആവശ്യമനുസരിച്ചും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും പുതിയ കെട്ടിടങ്ങൾ, ചുറ്റുമതിൽ, കഞ്ഞിപ്പുരകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വരുന്നു. കൂടാതെ, പ്ലാൻ/മെയിന്റിനൻസ്/ തനത് ഫണ്ട് ഉപയോഗിച്ച് സ്കൂൾ കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ എന്നിവ നിർവ്വഹിച്ചു വരുന്നു. ഹയർ സെക്കൻഡറി, വി.എച്ച്.എസ്.ഇ., പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റുകളിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ചും നബാർഡ്, എസ്.എസ്.എ. ഫണ്ടു ഉപയോഗിച്ചും കെട്ടിടങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽപ്പെടുത്തി ഫർണീച്ചർ ക്ഷാമമനുഭവിക്കുന്ന സ്കൂളുകൾക്ക് ഫർണീച്ചർ എന്നീ അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തി വരുന്നു. ഇതിനു പുറമേ എല്ലാ സർക്കാർ സ്കൂളുകളിലും കുടിവെള്ള/ടോയ്ലെറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള കർശന നിർദ്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ബി) സ്കൂളുകളിൽ അടിസ്ഥാന സൗകര്യം ഉറപ്പ് വരുത്തുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്തു-ന്നതിനും എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ ? | (ബി) സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും സ്കൂൾ സന്ദർശനവേളയിൽ യൂറിനലുകളുടേയും ടോയ്‌ലറ്റുകളുടേയും ശുചിത്വ നിലവാരം കൂടി പരിശോധിക്കണമെന്നും, ആയതിനെ സംബന്ധിച്ച ഒരു അവലോകനറിപ്പോർട്ട് എല്ലാ മാസവും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി ഓരോ സർക്കാർ സ്കൂളുകളുടേയും ആവശ്യകത ബന്ധപ്പെട്ട പി.റ്റി.എ., ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽമാരിൽ നിന്നും മനസ്സിലാക്കി ആയത് ലഭ്യമാക്കുന്നതിന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കുന്നുണ്ട്. ഇവയ്ക്കു പുറമേ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി അതത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിക്കുന്ന പദ്ധതികൾ കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ ചെലവഴിക്കാതെ മിച്ചമുള്ള തുകയിൽ നിന്നും സർക്കാർ/എയിഡഡ് സ്കൂളുകൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ